വിശ്വാസപരിശീലനകേന്ദ്രം

I. ഒന്നാം സെമസ്റ്റർ പരീക്ഷ:

A. പരീക്ഷ:

1. Std. I - XII ഒന്നാം സെമസ്റ്റർ പരീക്ഷ **നവംബർ 01 ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ** യാണ്.
2. എഴുത്തുപരീക്ഷ 35-ലും ഇന്റേണൽ മാർക്ക് 15-ലും ആയിരിക്കും. പ്രമോഷന് ഓരോ സെമസ്റ്ററിലും എഴുത്തുപരീക്ഷയ്ക്ക് 35-ൽ 10 മാർക്കും ഇന്റേണൽ മാർക്ക് 15-ൽ 4-ഉം ലഭിക്കേണ്ടതാണ്.
3. വചനദീപത്തിൽ നൽകിയിരിക്കുന്ന Syllabus അനുസരിച്ചായിരിക്കും പരീക്ഷ. ക്ലാസ്സ് IV - IX – പേജ് 30-31; ക്ലാസ്സ് X – പേജ് 35; ക്ലാസ്സ് XI - XII – പേജ് 42 വചനദീപത്തിൽ കാണുക.
4. മലയാളം, ഇംഗ്ലീഷ് പ്രത്യേകം ചോദ്യപേപ്പറുകളല്ല, രണ്ട് ഭാഷയിലും പ്രിന്റ് ചെയ്ത ഒരു ചോദ്യപേപ്പറായിരിക്കും ലഭിക്കുക. ഏത് ഭാഷയാണോ ആവശ്യമുള്ളത്, ആ ഭാഷയിലുള്ള ചോദ്യപേപ്പർ ആദ്യം വരത്തക്കവിധം ചോദ്യപേപ്പർ ഫോൾഡ് ചെയ്ത് കൊടുക്കുക.
5. 1 മാർക്കിന്റെ പൊതുചോദ്യം FAM-CAT-ൽ നിന്നുമായിരിക്കും.
6. ഒക്ടോബർ 31-ന് ഫൊറോനാ കേന്ദ്രത്തിൽ നിന്ന് ചോദ്യപേപ്പറുകൾ ലഭിക്കും. ചോദ്യപേപ്പറുകൾ വാങ്ങുമ്പോഴും, ഉത്തരക്കടലാസ്സുകളും സ്കോളർഷിപ്പ് പേപ്പറുകളും തിരികെ ഏൽപിക്കുമ്പോഴും ഫൊറോനാ സെക്രട്ടറിയുടെ പക്കലുള്ള പേപ്പറിൽ ഒപ്പിടേണ്ടതാണ്.
7. സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പ് പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനാൽ മറ്റു സമയങ്ങളിൽ ക്ലാസ്സ് നടത്തുന്നവരും രാവിലെ 10.30 മുതൽ 12.30 വരെ എന്നുള്ള പരീക്ഷാ സമയം നിർബന്ധമായും പാലിക്കണം. സമയം തെറ്റിച്ച് പരീക്ഷ നടത്തുന്ന യൂണിറ്റുകൾ സ്കോളർഷിപ്പിന് അർഹരല്ല. അവർ ഉത്തരക്കടലാസ്സുകൾ ഫൊറോനാ കേന്ദ്രത്തിൽ നൽകുവാനും പാടില്ല.
8. I, II, III ക്ലാസ്സുകളിലേക്കുള്ള മാതൃകാ ചോദ്യപേപ്പർ ഒക്ടോബർ 17 ശനിയാഴ്ച മുതൽ Caticorp-ൽ ലഭ്യമാകും. അതിൽനിന്നും ആവശ്യമായ ചോദ്യങ്ങൾ സെലക്റ്റ് ചെയ്ത് വാചിക പരീക്ഷ നടത്തുക.
9. ചോദ്യക്കടലാസ്സുകൾ എണ്ണത്തിൽ കുറവാണെങ്കിൽ പരീക്ഷാദിവസം (01/11/2026) രാവിലെ 10.30 മുതൽ Caticorp-ൽ Parish ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ചോദ്യക്കടലാസ്സുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

10. IV - IX, XI ക്ലാസ്സുകളിൽ കുട്ടിയുടെ വീട്ടുപേര്, പിതാവിന്റെ പേര്, കുട്ടിയുടെ പേര്, ക്ലാസ്സ്, ഇടവക എന്നിവ ഉത്തരക്കടലാസ്സിന്റെ മുകളിൽ രേഖപ്പെടുത്തണം.

11. X & XII ക്ലാസ്സുകളിൽ ഇടവകയിൽ നിന്നും നൽകുന്ന ഉത്തരക്കടലാസിൽ പൂർണ്ണമായ രജിസ്റ്റർ നമ്പർ മാത്രം വ്യക്തമായി എഴുതുക (പേരോ അനുബന്ധ വിവരങ്ങളോ ഉത്തരക്കടലാസ്സിൽ എഴുതരുത്).

12. X & XII ക്ലാസ്സുകളിലെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ഇപ്രാവശ്യം ഇടവകയിൽ അതത് ക്ലാസ്സിലെ അദ്ധ്യാപകർ തന്നെയാണ് നടത്തേണ്ടത്. കുട്ടികൾക്ക് ലഭിച്ച മാർക്ക് ഫൊറോനയിലേക്ക് കൊടുക്കുന്ന അറ്റൻഡൻസ് ലിസ്റ്റിൽ കൃത്യമായി രേഖപ്പെടുത്തുകയും ഈ ലിസ്റ്റും മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസ്സുകളും സ്കോളർഷിപ്പിന് പരിഗണിക്കേണ്ട ഉത്തരക്കടലാസുകളും വേർതിരിച്ച് ഫൊറോനാ സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ നവംബർ 11-ാം തീയതിക്കകം ഏൽപ്പിക്കേണ്ടതാണ്. മാർക്കും ഉത്തരക്കടലാസ്സുകളും കുട്ടികളെ കാണിക്കുകയോ അവർക്ക് കൊടുത്തുവിടുകയോ ചെയ്യരുത്.

13. IV - IX, XI ക്ലാസ്സുകളിലെ പരീക്ഷയുടെ മാർക്കുകളും ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകളും X, XII ക്ലാസ്സുകളിലെ ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകളും ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി നവംബർ 15. X & XII ക്ലാസ്സുകളിലെ എഴുത്തു പരീക്ഷയുടെ മാർക്ക് അതിരൂപതയിൽ നിന്നുമായിരിക്കും കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തുക.

B. മൂല്യനിർണ്ണയം:

1. IV മുതലുള്ള ക്ലാസ്സുകളിലെ Answer Key പരീക്ഷാദിവസം (01/11/2026) ഉച്ചകഴിഞ്ഞ് 1.00-ന് Caticorp-ൽ Parish ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

2. IV മുതൽ IX വരെയും XI-ലെയും ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 35-ൽ 28-ഉം) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സുകളും മാർക്ക് ലിസ്റ്റും നവംബർ 11-ാം തീയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഉത്തരക്കടലാസിൽ എഴുത്തുപരീക്ഷയുടെ മാർക്കും ഇന്റേണൽ അസസ്സ്മെന്റ് മാർക്കും വെവ്വേറെ രേഖപ്പെടുത്തേണ്ടതാണ്. മാർക്ക് ലിസ്റ്റിൽ പള്ളിയുടെ സീലും വികാരി അച്ചന്റെ ഒപ്പും ഉണ്ടായിരിക്കണം. ഇതില്ലാത്ത ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല. ഈ ഉത്തരക്കടലാസ്സുകൾ വീണ്ടും അതിരൂപതാതലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. IV - IX, XI ക്ലാസ്സുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് മാർക്ക് വിവരങ്ങൾ കാറ്റിക്കോർപ്പിൽ നൽകി

യിരിക്കുന്ന Scholarship data table ഇടവകയിൽ പ്രിന്റ് ചെയ്ത്, അതിലാണ് എഴുതി നൽകേണ്ടത് (സ്കോളർഷിപ്പിന് പരിഗണിക്കേണ്ട ഉത്തര പേപ്പറുകൾ കുട്ടികൾവശം വീടുകളിലേക്ക് ഒരു കാരണവശാലും കൊടുത്തുവിടരുത്).

3. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്ന വർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക (വചനദീപം, പേജ് 34, 38, 43). സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശത മാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്. രണ്ടാം സെമസ്റ്ററിനു ശേഷമാണ് ഹാജർ ശതമാനം മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടത്.

4. ബഹു. ഫൊറോനാ സെക്രട്ടറി സിസ്റ്ററിന്റെ നേതൃത്വത്തിൽ X & XII ക്ലാസ്സുകളിലെ ഇടവകകളിൽ നിന്നും ലഭിച്ച മാർക്ക് ലിസ്റ്റിൽ നോക്കി ആ മാർക്കുകൾ അതിരൂപതയിൽ നിന്നും നൽകുന്ന ലിസ്റ്റിൽ രേഖപ്പെടുത്തി (മാർക്കിൽ സംശയങ്ങളുണ്ടെങ്കിൽ ഇടവകയിൽ നിന്നും നൽകിയിരിക്കുന്ന ഉത്തരക്കടലാസ് പരിശോധിക്കേണ്ടതാണ്) നവംബർ 16-നു മുമ്പ് അതിരൂപതാ കേന്ദ്രത്തിലേക്ക് നൽകേണ്ടതാണ്. എല്ലാ കുട്ടികളുടെയും ഉത്തരക്കടലാസുകളും, 80 ശതമാനവും (35-ൽ 28-ഉം) അതിൽ കൂടുതലും മാർക്ക് കിട്ടിയ കുട്ടികളുടെ ഉത്തരക്കടലാസ്സുകളും, IED കുട്ടികളുടെ പേപ്പറുകളും, Complaint പേപ്പറുകളും പ്രത്യേകം കവറുകളിലാക്കി അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണം (*വചനദീപം*, പേജ് 37 നോക്കുക).

5. X & XII ക്ലാസ്സുകളിലെ ഉത്തരക്കടലാസ് പുനഃപരിശോധന: റിസൾട്ട് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം വികാരിയച്ചന്റെ കത്തും 100 രൂപ ഫീസോടുംകൂടി അതിരൂപതാ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കേ ണ്ടതാണ്. അപേക്ഷയിൽ കുട്ടിയുടെ പേരും ഇടവകയും രജിസ്റ്റർ നമ്പറും വ്യക്തമായി രേഖപ്പെടുത്തണം. 15 ദിവസത്തിന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

C. പുനഃപരീക്ഷ:

1. നവംബർ 01-ന് പരീക്ഷയെഴുതാൻ സാധിക്കാത്ത കുട്ടികൾക്കും ജയിക്കാത്തവർക്കും (Std IV - IX, XI) ഇടവകയിൽ തന്നെ പുനഃപരീക്ഷ പതിവുപോലെ നടത്താവുന്നതാണ്. അവർക്ക് സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല.
2. X, XII ക്ലാസ്സുകളിൽ പരീക്ഷ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (10/35) ലഭിക്കാത്ത കുട്ടികൾക്കുള്ള പുനഃപരീക്ഷ 2026 ഡിസംബർ 27-ന് ഫൊറോനാ കേന്ദ്രങ്ങളിൽ അതിരൂപത നടത്തുന്നതായിരിക്കും.

II. വിശ്വാസപരിശീലകരുടെ ദിനാഘോഷം: 2026 നവംബർ 04-ാം തീയതി ചൊവ്വാഴ്ച വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനമാണ്. ഇടവകകളിൽ നവംബർ 08-ാം തീയതി വിശ്വാസപരിശീലകരുടെ ദിനമായി ആഘോഷിക്കുന്നു. അദ്ധ്യാപകരെ ആദരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

III. Mary's Quiz Challenge: മാതാവിന്റെ പ്രത്യക്ഷീകരണങ്ങളെക്കുറിച്ച് ഒക്ടോബർ മാസത്തിലെ 31 ദിവസവും പ്രസിദ്ധീകരിക്കുന്ന Mary's World Tour YouTube വീഡിയോകളുടെ Google Form-ലൂടെയുള്ള ഒരു Quiz Competition നവംബർ 7 ശനിയാഴ്ച 8.30 pm-ന് നടത്തുന്നതാണ്. വിജയികൾക്ക് മാർ ലൂയീസ് ആർട്ട് & ബുക്ക് സെന്റർ സ്പോൺസർ ചെയ്യുന്ന ക്യാഷ് അവാർഡും മറ്റു സമ്മാനങ്ങളുമുണ്ട്. Google Form ലിങ്ക് പിന്നീട് നൽകുന്നതായിരിക്കും.

IV. നവംബർ 22 ക്രിസ്തുവിന്റെ രാജത്വ തിരുനാൾ (പ്രഘോഷണദിനം)

V. DIDACHE: +2 കഴിഞ്ഞവർക്കായ് അതിരൂപതാ കാറ്റക്കീസം ഡിപ്പാർട്ടുമെന്റ് നടത്തുന്ന DIDACHE യുടെ നാലാമത്തെ ക്ലാസ്സ് കലൂർ റിന്യൂവൽ സെന്ററിൽ നവംബർ 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 5.30 വരെ The Sacraments of Initiation: Entering into the Life of Grace എന്ന വിഷയത്തെക്കുറിച്ച് നടത്തുന്നു.

VI. പ്രതിഭാസംഗമം - ഡിപ്ലോമ രണ്ടാംവർഷ കുട്ടികൾക്കുവേണ്ടിയുള്ള പ്രതിഭാസംഗമം 2026 നവംബർ 28-ാം തീയതി ശനിയാഴ്ച രാവിലെ 09.30 മുതൽ വൈകിട്ട് 04:00 വരെ കലൂർ റിന്യൂവൽ സെന്ററിൽ നടക്കുന്നതായിരിക്കും.

VII. Mission Quest 2026: സീറോമലബാർ സഭ നടത്തുന്ന ഓൺലൈൻ ക്വിസ്- Mission Quest - 2026 ഡിസംബർ 6-ാം തീയതി വൈകിട്ട് 6.00 മണിക്ക് നടത്തപ്പെടുന്നു.

VIII. 2026 നവംബർ മാസത്തിൽ നടക്കുന്ന എൻലൈറ്റ് പരിപാടികൾ
നവംബർ 8 ഞായർ:എൻലൈറ്റ് - കാഞ്ഞൂർ ഫൊറോന
നവംബർ 22 ഞായർ: എൻലൈറ്റ് വൈക്കം ഫൊറോന
നവംബർ 29 ഞായർ:എൻലൈറ്റ് - അങ്കമാലി ഫൊറോന

കാറ്റക്കീസം വാർത്തകൾ

1. Digital Wellness Online Class:

ഇടവകകളിൽ ഡിജിറ്റൽ വെൽനസ് ആക്ടിവിറ്റികൾക്ക് നേതൃത്വം കൊടുക്കുന്ന അദ്ധ്യാപകർക്കായി ഒക്ടോബർ 5, 9 തീയതികളിൽ രാത്രി

8.30 മുതൽ 9.30 വരെ റവ. ഫാ. സാബു കുമ്പുക്കൽ Online വഴി ക്ലാസ്സുകൾ നടത്തി. ഏകദേശം 300 അദ്ധ്യാപകർ ഇതിൽ പങ്കെടുത്തു.

2. **2026-2027 അദ്ധ്യയന വർഷത്തിലെ ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സ്:**

ഒന്നാം വർഷ ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിന്റെ ആദ്യ സെമസ്റ്റർ ക്ലാസുകൾ 17, 18 തീയതികളിലും രണ്ടാം വർഷ ഡിപ്ലോമ കുട്ടികളുടെ ആദ്യ സെമസ്റ്റർ ക്ലാസ് 20, 21 തീയതികളിലും കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെട്ടു.

3. **DIDACHE**

+2 കഴിഞ്ഞവർക്കായ് അതിരൂപതാ കാറ്റക്കീസം ഡിപ്പാർട്ടുമെന്റ് നടത്തുന്ന DIDACHE യുടെ മൂന്നാമത്തെ ക്ലാസ്സ് കലൂർ റിന്യൂവൽ സെന്ററിൽ ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച നടന്നു. ലിസി ഹോസ്പിറ്റൽ ജോയിന്റ് ഡയറക്ടർ റവ. ഡോ. വർഗീസ് അമ്പലത്തിങ്കൽ - The Holy Spirit and the Church എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

4. **MARY'S WORLD TOUR**

കാറ്റക്കീസം ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസം 31 ദിവസം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഭവിച്ച മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ YouTube-ലൂടെ പ്രസിദ്ധീകരിച്ചു. കഥാരൂപത്തിൽ അവതരിപ്പിക്കപ്പെടുന്ന സംഭവത്തോടൊപ്പം ഓരോ ദിവസവും ചെയ്യേണ്ട പുണ്യ പ്രവൃത്തിയും കൊച്ച് പ്രാർത്ഥനയും ഇതിലുണ്ടായിരുന്നു. ജപമാല മാസത്തിൽ മറിയത്തിന്റെ വഴിയിലൂടെ നടക്കുവാൻ കുട്ടികൾക്കും മുതിർന്നവർക്കും ഒരു വഴികാട്ടി ആയിരുന്നു മറിയത്തിന്റെ ഈ പ്രത്യക്ഷീകരണങ്ങൾ.

5. **എൻലൈറ്റ് പരിപാടികൾ**

ഒക്ടോബർ 04 ഞായർ: എൻലൈറ്റ്- ഇടപ്പള്ളി ഫൊറോന
ഒക്ടോബർ 11 ഞായർ: എൻലൈറ്റ്- വല്ലം ഫൊറോന
ഒക്ടോബർ 18 ഞായർ: എൻലൈറ്റ്- മൂഴിക്കുളം ഫൊറോന
ഒക്ടോബർ 25 ഞായർ: എൻലൈറ്റ്- കിഴക്കമ്പലം ഫൊറോന

എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളി കമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

ഫാ. പോൾ മോറേലി
ഡയറക്ടർ